# പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്
## (നിലവിൽ - ശ്രീമതി എസ്.ശാരദ)

വിഷയം:- പിന്നാക്ക വിഭാഗ വികസനം - ഒ.ബി.സി പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് - 2018-19 മുതൽ പദ്ധതി നിർവ്വഹണ ചുമതല എറണാകുളം മേഖലാ ഡപ്യൂട്ടി ഡയറക്ടർക്ക് നൽകി ഉത്തരവാകുന്നു.

........................................................................................................................................................

ഉത്തരവ് നമ്പർ: **BCDD/B3/923/15** തീയതി: 21/07/2018

........................................................................................................................................................

സംസ്ഥാനത്തെ പിന്നാക്ക സമുദായങ്ങളിൽ ഉൾപ്പെട്ടവരും കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ അധികരിക്കാത്തവരും, സംസ്ഥാനത്തിന് പുറത്തെ ദേശീയ പ്രാധാന്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഖിലേന്ത്യ അടിസ്ഥാനത്തിൽ നടത്തുന്ന തെരഞ്ഞെടുപ്പുരീതി പ്രകാരം പ്രവേശനം ലഭിച്ചതുമായ വിദ്യാർത്ഥികൾക്കും സംസ്ഥാനത്തിനകത്ത് Chartered Accountancy/ Cost Accountancy / Company Secretary കോഴ്സുകളിലെ IPCC & Final ,Intermediate & Final , Executive & Professional കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും നിയമപരമായ ഫീസ് , അനുവദനീയമായ നിരക്കിൽ maintenence allowance എന്നിവ അനുവദിച്ച് നൽകുന്നതിനുള്ള പൂർണ്ണ ചുമതല 2018-19 മുതൽ എറണാകുളം മേഖലാ ഡപ്യൂട്ടി ഡയറക്ടർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഈ പദ്ധതിയിൽ മുൻവർഷങ്ങളിൽ കുടിശ്ശികയായിട്ടുള്ള അപേക്ഷകളടക്കം പരിശോധിച്ച് ബിൽ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം വഴി സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ മേഖലാ ഡെപ്യൂട്ടി ഡയറക്ടർ സ്വീകരിക്കേണ്ടതാണ്. ഇതിലേക്കാവശ്യമായ ഫണ്ട് ആവശ്യപ്പെടുന്നമുറക്ക് അനുവദിച്ച് നൽകുന്നതാണ്.

ഡയറക്ടർ

ഡെപ്യൂട്ടി ഡയറക്ടർ (എറണാകുളം,കോഴിക്കോട്)

പകർപ്പ്:-

1. ഡയറക്ടറുടെ മേശമേൽ
2. SFO/ സൂപ്രണ്ട്
3. BCDD എ1-സീറ്റ്-
4. സ്റ്റോക്ക് ഫയൽ/സ്പെയർ.